**തിരുനായത്തോട്**
**ശിവനാരായണ ക്ഷേത്രം [U.D.B]**
നായത്തോട്, പി.ഒ. അങ്കമാലി
0484 2610270



# തിരുനായത്തോട് തിരുവുത്സവം 2024

**2024 ജനുവരി 14 മുതൽ 23 വരെ**

Kerala Amazing holidays Pvt. Ltd.

A group that Discovers The Best....

**No.1** Educational Tour Operators in INDIA










## PRODUCTS & SERVICES

**Domestic & International Tours | Hotel Reservations**

**Itinerary Planning | Airport Assistance | Visa Assistance**

**Overseas Travel Insurance | Car & Coach Services | Ticketing**

1st Floor, Erakkath Building,
Sub Jail Road, Aluva
Ernakulam

9746 826 786 | 8138 036 786
8138 056 786 | 8138 039 786
9567 456 398

info@amazingholidays.org
amazingholidayskerala@gmail.com
www.amazingholidayskerala.com

തിരുനായത്തോട്
തിരുവുത്സവം
2024

## ഓം ശിവ:നാരായണായ നമ:

അതിപുരാതനവും, ചരിത്രപ്രസിദ്ധവുമായ
തിരുനായത്തോട് ശിവനാരായണ ക്ഷേത്രത്തിലെ
**തിരുവുത്സവം 14–01–2024 (1199 ധനു 29) ഞായർ കൊടികയറി,**
**23–01–2024 (1199 മകരം 9) ചൊവ്വാഴ്ച**
**ആറാട്ടോടുകൂടി** പരിസമാപിക്കുകയാണ്.
മുൻ വർഷങ്ങളിൽ ഭക്തജനങ്ങൾ ക്ഷേത്രസമിതിയ്ക്കു
നൽകിവന്ന നിർലോപമായ സഹായസഹകരണങ്ങൾ
വളരെയധികം നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം
ഈ തിരുവുത്സവത്തിനും എല്ലാവരുടേയും
അകമഴിഞ്ഞ സഹായ സാന്നിദ്ധ്യ സഹകരണങ്ങൾ
ഭഗവത് നാമത്തിൽ അഭ്യർത്ഥിക്കുകയാണ്.

തൃപ്പാദസേവയിൽ ക്ഷേത്ര സമിതിക്കുവേണ്ടി

**പി.എസ്. ഉണ്ണികൃഷ്ണൻ** (പ്രസിഡന്റ്)
**സി.കെ.സജികുമാർ** (സെക്രട്ടറി)

**കെ.ബി. അജയ്കുമാർ** (ട്രഷറർ)
**സുനിൽ ഗോകുലം** (മാനേജർ)

01–12–2023
നായത്തോട്



# ഐതിഹ്യപ്പെരുമയിൽ പരിപാവനമായ തിരുനായത്തോട് ശിവ:നാരായണക്ഷേത്രം

ചേരമാൻ പെരുമാൾ തന്റെ ഗുരുവായ യതിവര്യന്റെ അന്ത്യകാലത്ത് സമീപത്തുണ്ടായിരുന്നു. ശാപം മൂലം അടുത്ത ജന്മത്തിൽ താനൊരു ശ്വാനനായി ജനിക്കുമെന്നും അപ്പോഴത്തെ ആകൃതി - പ്രകൃതികളും ജനനസ്ഥലത്തിന്റെ പ്രത്യേകതകളും ഏതു വിധത്തിലായിരിക്കുമെന്നും ആസന്നമരണനായ ഗുരുവര്യൻ ശിഷ്യനായ രാജാവിനെ ധരിപ്പിച്ചു. പ്രാകൃത ജീവിയായി കഴിയേണ്ടിവരുന്ന തന്നെ വീണ്ടെടുത്ത് നിഷിദ്ധ ഭക്ഷണം കഴിക്കാൻ ഇടവരുത്താതെ വളർത്തുകയാണെങ്കിൽ ജീവിതാന്ത്യത്തിൽ മോക്ഷം സിദ്ധിക്കുവാൻ സംഗതിയാകുമെന്നുള്ള തന്റെ അന്തിമാഭിലാഷം പ്രകടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ഭൗതികശരീരം വെടിഞ്ഞത്. പെരുമാൾ തന്റെ ഗുരുവിന്റെ ആഗ്രഹപൂരണത്തിനായി ആചാര്യൻ പറഞ്ഞതായ ലക്ഷണങ്ങളുള്ള ഒരു ശ്വാനനെ കണ്ടെത്തി ആദരപൂർവ്വം അതിനെ പരിപാലിച്ചുവന്നു. ആണ്ടിലൊരിക്കൽ രാജാവ് തന്റെ ഗുരുവിന്റെ ജന്മസ്ഥലം സന്ദർശിക്കുക പതിവായിരുന്നു. ഒരിക്കൽ തന്നോടൊന്നിച്ചുണ്ടായിരുന്ന ശ്വാനൻ ജന്തുസഹജമായ പ്രേരണയാൽ ഉച്ചിഷ്ടം ഭക്ഷിക്കുവാൻ തുടങ്ങുന്നത് കണ്ട് അതിനിടവരുത്താതെ അതിന്റെ കഴുത്ത് ലക്ഷ്യമാക്കി വെട്ടി. ഉച്ചിഷ്ടം ഗഗനനാളത്തിൽ എത്തുന്നതിനുമുൻപ് നായ കഴുത്തറ്റ് തോട്ടരുകിൽ ദേഹം വെടിഞ്ഞു. ഗുരുനാഥൻ മോക്ഷപ്രാപ്തനായെങ്കിലും ഗുരുഹത്യാപാപം രാജാവിനെ ബാധിച്ചു. ഈ കാരണം കൊണ്ട് കൂടിയാണ് "പരമേശ്വര മംഗലം" എന്ന പേരുണ്ടായിരുന്ന ഈ പ്രദേശത്തിന് നായവെട്ടിയത്തോട് എന്ന പേരുണ്ടായത്. കാലക്രമേണ അത് ലോപിച്ച് നായത്തോട് ആയിത്തീർന്നു.

മഹാരാജാവ് ഗുരുഘാതകനായതിനാൽ തത്പാപപരിഹാരാർത്ഥം ഒരു ക്ഷേത്രം പണികഴിപ്പിച്ച് ശിവപ്രതിഷ്ഠ നടത്തണമെന്ന് ബ്രഹ്മജ്ഞന്മാരായുള്ള പണ്ഡിത ശ്രേഷ്ഠന്മാർ വിധിച്ചു. ഇതാണത്രേ തിരുനായത്തോട് ക്ഷേത്രം. ക്ഷേത്രം പൂർവ്വാഭിമുഖമായി സ്ഥിതി ചെയ്യുന്നു.

ശ്രീ പരമേശ്വരനെ പ്രതിഷ്ഠിക്കണം എന്ന ഉദ്ദേശത്തോടുകൂടി നിർമ്മിക്കപ്പെട്ടതാണെങ്കിലും ഭഗവാൻ മഹാവിഷ്ണുവിന്റെ സാന്നിദ്ധ്യം കാണുകയാൽ വിഷ്ണുപ്രതിഷ്ഠ കൂടി നടത്തണമെന്ന് പ്രതിഷ്ഠാ കർത്താവായ കോവാട്ടടികൾ വിധിച്ചു. അങ്ങനെ മഹാരാജാവിന്റെ മനോഗതം പോലെ തന്നെ കാര്യങ്ങൾ ഭംഗിയായി നടന്നു. ഇങ്ങനെ ഒരു ശ്രീകോവിലിൽ ഒരു പീഠത്തിൽ സംഹാരമൂർത്തിയായ ഭഗവാൻ ശ്രീ പരമേശ്വരനും, സ്ഥിതി കർത്താവും ലോകരക്ഷകനുമായ ഭഗവാൻ ശ്രീഹരിയും സന്നിധാനം ചെയ്യുന്നു. ഇങ്ങനെ ശിവ പ്രതിഷ്ഠ മൂലം മഹാരാജാവ് ഗുരുഹത്യാപാപത്തിൽ നിന്നും മോചിതനാവുകയും വിഷ്ണു പ്രതിഷ്ഠമൂലം ഗുരുനാഥന് സായൂജ്യം ലഭിക്കുകയും ചെയ്തു.

ബിംബം ഒന്നാണെങ്കിലും ഉത്സവകാലത്ത് ഒരു കുഴിയിൽ രണ്ട് കൊടിമരങ്ങളാണ് നാട്ടുന്നത്. കോലം ഒന്നേയുള്ളുവെങ്കിലും രണ്ടു തിടമ്പുകളായിരിക്കും. ചടങ്ങുകളിൽ പ്രാസാദ ശുദ്ധിയൊഴികെയുള്ള മറ്റെല്ലാ ചടങ്ങുകളും രണ്ടുവീതം വേണം. ശിവന്റെ പൂജ തുടങ്ങി ഇടയ്ക്കുവെച്ച് വിഷ്ണുവിന്റെ പൂജ ആരംഭിക്കുന്നതുകൊണ്ട് രണ്ട് പാത്രങ്ങളിൽ നിവേദ്യം നിർബന്ധമാണ്. മുള, നവകം, പഞ്ചഗവ്യം തുടങ്ങിയവയെല്ലാം തന്നെ രണ്ട് ദേവന്മാർക്കും വേറെ വേറെയാണ്. ഉത്സവാദി ചടങ്ങുകൾക്ക് തന്ത്രിമാരും രണ്ടുപേർ ഉണ്ടായിരിക്കണം. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ തന്ത്രിമുഖ്യനായ ബ്രഹ്മശ്രീ നെടുമ്പുള്ളി തരണനെല്ലൂർ നമ്പൂതിരിപ്പാടാണ് തന്ത്രി.

ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി വിവാഹ ധ്യാനനിരതനായ ശിവനാവുകയാൽ വിവാഹാദിമംഗളകർമ്മങ്ങൾക്ക് ഏറെ പ്രാധാന്യം കല്പിക്കുന്നു. ശ്രീ. പരമേശ്വരന്റെ വിവാഹാരംഭമുഹൂർത്തത്തിൽ മഹാവിഷ്ണു ഒഴികെയുള്ള ദേവന്മാരും ലോകജനങ്ങളും സന്നിഹിതരായിരുന്നു. മംഗളകാരിയായ ശ്രീഹരിയില്ലാതെ വിവാഹം നടത്തുവാൻ സാദ്ധ്യമല്ലല്ലോ. ആയതിനാൽ മഹാദേവനും ബ്രഹ്മദേവനും മറ്റുള്ളവരും ഒത്തുചേർന്ന് ശ്രീഹരിദർശനത്തിനായി വൈകുണ്ഠനാഥനെ സ്തുതിച്ചു. തികഞ്ഞ ഭക്തിയോടെയുള്ള ഈ സ്തുതികേട്ട് ഭഗവാൻ ശ്രീഹരി അവിടെ പ്രത്യക്ഷപ്പെട്ടു. ആ സമയം ഭഗവാൻ ശ്രീ പരമേശ്വരൻ ശ്രീഹരിയുടെ തൃക്കൈയ്യിൽ പിടിച്ച് താനിരുന്നിരുന്ന മനോഹര സിംഹാസനത്തിലേക്ക് ആനയിച്ചു. അതിനുശേഷം തൻെറ ഇടതുഭാഗത്തായി തന്നോടൊപ്പം ഇരുത്തി. ലോകേശ്വരന്മാരെ ഒരുമിച്ചു കണ്ട ദേവന്മാരും ഋഷിമാരും മറ്റും ജഗദ്പിതാക്കളായ ഭഗവാൻ ശിവനാരായണനെ സ്തുതിച്ചു തുടങ്ങി. "അർദ്ധം ഭാവവവൈരിണ ഗിരിജയാപ്യർദ്ധം ഹരസ്യാഹൃതം'' എന്ന ശ്ലോകത്തിൽ ചിത്രീകരിച്ചിരിക്കുന്ന പോലെ ശിവന് ഹരിഹരരൂപവും ഉമാമഹേശ്വരൂപവും ഉണ്ട്.

പ്രതിഷ്ഠാമൂർത്തി വിവാഹ ധ്യാനനിരതനായ ശിവനായതിനാൽ ഇവിടുത്തെ വഴിപാടുകളിൽ പ്രധാനം പാർവതീമംഗല്യം (പാറമംഗലം) ആണ്. ഇടങ്ങഴി അരി നിവേദ്യമാണ് പാറമംഗലം. വിവാഹസാധ്യതയ്ക്ക് ഈ വഴിപാടുകൾ മുഖ്യമാണ്. അനേകം ഭക്തർ ഈ വഴിപാട് നടത്തി വിവാഹസംബന്ധമായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് തൃപ്തിയടയുന്നു.

തിരുനായത്തോട് ക്ഷേത്രത്തിൽ ഉപദേവപ്രതിഷ്ഠയില്ല. എന്നാൽ ഈ മഹാക്ഷേത്രത്തിന്റെ നാലുഭാഗത്തും ഓരോ കിലോമീറ്റർ അകലത്തിൽ ക്ഷേത്രത്തിൽ ഉണ്ട്. കിഴക്ക് ഭാഗത്ത് മൂലസ്ഥാനമായ ശ്രീകൃഷ്ണ ക്ഷേത്രവും, തെക്കുഭാഗത്ത് ശാസ്താക്ഷേത്രവും, പടിഞ്ഞാറ് ഭാഗത്ത് ഭദ്രകാളി ക്ഷേത്രവും, വടക്കുഭാഗത്ത് ശിവക്ഷേത്രവും സ്ഥിതി ചെയ്യുന്നു. മകരസംക്രമം കൊടികയറി ആറാട്ടോടുകൂടിയ ഉത്സവം മാത്രമേ വിശേഷമായിട്ടുള്ളൂ. പത്തു ദിവസമാണ് ഉത്സവം. ഉത്സവപരിപാടികളിൽ കഥകളിയും ചാക്യാർക്കൂത്തിനുമാണ് പ്രാധാന്യം.



## തിരുവുത്സവ നാളുകളിലൂടെ...

**ഒന്നാംദിവസം**
14-01-2024 ഞായർ | 1199 ധനു 29

# തൃക്കൊടിയേറ്റ്

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ** |
| | : | **നിർമ്മാല്യദർശനം** |
| തുടർന്ന് | : | **എതൃത്തപൂജ, പന്തീരടിപൂജ** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം** |
| 7.30 ന് | : | **നാട്ടിലെ കലാകാരന്മാർ അവതരിപ്പിക്കുന്ന നാട്ടരങ്ങ്** |
| രാത്രി 10ന് ശേഷം | | **തൃക്കൊടിയേറ്റ്** |

കൊടിയേറ്റ് ദർശനം പ്രധാനം


ശ്രീമഹാദേവനും, ശ്രീമഹാവിഷ്ണുവും ഒരു പീഠത്തിൽ വാണരുളുന്നതിനാൽ, ഒരു കുഴിയിൽ രണ്ട് കൊടിമരങ്ങളിലാണ് തിരുനായത്തോട്ടപ്പന്റെ തിരുവുത്സവത്തിന് കൊടികയറുന്നത് എന്നത് വളരെ പ്രത്യേകതയുള്ളതാണ്.

**രണ്ടാംദിവസം**
15-01-2024 തിങ്കൾ | 1199 മകരം 1

## ചാക്യാർകൂത്ത് പുറപ്പാട് (2.43 AMന്)

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ** |
| | : | **നിർമ്മാല്യദർശനം** |
| തുടർന്ന് | : | **നവകപൂജ, മുളപൂജ** |
| 7.45ന് | : | **നവകാഭിഷേകം** |
| തുടർന്ന് | : | **ഉച്ചപൂജ, ശ്രീഭൂതബലി** |
| 9.30ന് | : | **ശീവേലി** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം** |
| 7.00 ന് | : | **ചാക്യാർകൂത്ത്** (കൂത്തമ്പലത്തിൽ) |
| അവതരണം | : | ശ്രീ. അമ്മന്നൂർ കുട്ടൻചാക്യാർ |
| രാത്രി 9ന് | : | **കൊടിപ്പുറത്ത്വിളക്ക്** |


മേളം അവതരണം:
ശ്രീ തിരുനായത്തോട് സൈബിൻ



തിരുനായത്തോട്
# തിരുവുത്സവം
2024

## മൂന്നാംദിവസം
16-01-2024 ചൊവ്വ | 1199 മകരം 2

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ, നിർമ്മാല്യദർശനം** |
| തുടർന്ന് | : | **എതൃത്തപൂജ, പന്തീരടിപൂജ** |
| 7.45ന് | : | **നവകാഭിഷേകം** |
| തുടർന്ന് | : | **ഉച്ചപൂജ, ശ്രീഭൂതബലി** |
| 9.30ന് | : | **ശീവേലി** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം** |
| 7.30 ന് | : | **ഓട്ടൻതുള്ളൽ** |
| അവതരണം | : | **പ്രദീപ് ആറാട്ടുപുഴ** |
| രാത്രി 9.30ന് | : | **വിളക്കിനെഴുന്നള്ളിപ്പ്** |



## നാലാംദിവസം
17-01-2024 ബുധൻ | 1199 മകരം 3

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ** |
| | : | **നിർമ്മാല്യദർശനം** |
| തുടർന്ന് | : | **എതൃത്തപൂജ, പന്തീരടിപൂജ** |
| 7.45ന് | : | **നവകാഭിഷേകം** |
| തുടർന്ന് | : | **ഉച്ചപൂജ, ശ്രീഭൂതബലി** |
| 9.30ന് | : | **ശീവേലി** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം** |
| 7.30ന് | : | **ശ്രീമതി അഞ്ജന വിഷ്ണു** |

**(മുദ്ര അക്കാദമി ഫോർ പെർഫോമിംഗ് ആർട്സ് അങ്കമാലി)**

**അവതരിപ്പിക്കുന്ന നൃത്ത സന്ധ്യ**

രാത്രി 10.00ന് : **വിളക്കിനെഴുന്നള്ളിപ്പ്**





തിരുനായത്തോട്
# തിരുവുത്സവം 2024

**അഞ്ചാംദിവസം** 18-01-2024 വ്യാഴം | 1199 മകരം 4

രാവിലെ 4.30ന് : **പള്ളിയുണർത്തൽ, നിർമ്മാല്യദർശനം**

തുടർന്ന് : **എതൃത്തപൂജ, പന്തീരടിപൂജ**

7.45ന് : **നവകാഭിഷേകം**

തുടർന്ന് : **ഉച്ചപൂജ, ശ്രീഭൂതബലി**

9.30ന് : **ശീവേലി**

വൈകീട്ട് 6.30ന് : **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം**

7.00 ന് : **കൈകൊട്ടിക്കളി, ഓണക്കളി**

അവതരണം : നീർമാതളം, കൈകൊട്ടികളി ടീം മുത്തിച്ചോട്, വാപ്പാലശ്ശേരി, അങ്കമാലി

തുടർന്ന് : **ഇരട്ടത്തായമ്പക**

അവതരണം : കലാമണ്ഡലം രതീഷ് , എടത്തല ആദർശ്

സമർപ്പണം : നടയ്ക്കൽ ഫ്രണ്ട്സ്, തിരുനായത്തോട്

രാത്രി 9.30ന് : **വിളക്കിനെഴുന്നള്ളിപ്പ്**

Bank Details

**THIRUNAYATHODE KSHETHRA SAMITHY**

**ACCOUNT No. 57060213201**

**IFSC SBIN 0070157,**

SBI Angamaly Branch

| എള്ള്, തുളസി തുലാഭാരം 1500 രൂപ | |
|---|---|
| നെൽപ്പറ 100 രൂപ | അരിപ്പറ 100 രൂപ |
| അവിൽപ്പറ 70 രൂപ | മലർപ്പറ 50 രൂപ |
| ശർക്കരപ്പറ 100 രൂപ | നാണയപ്പറ 100 രൂപ |
| പൂപ്പറ 50 രൂപ | കൂട്ടപ്പറ 300 രൂപ |

എള്ള്, തുളസി തുലാഭാരം ഉത്സവദിനങ്ങളിൽ ദീപാരാധനയ്ക്കുശേഷം നടത്താവുന്നതാണ്.
(ഉദ്ദിഷ്ട കാര്യ സിദ്ധിക്കും, ബാലാരിഷ്ടതയ്ക്കും)



തിരുനായത്തോട്
# തിരുവുത്സവം 2024

## ആറാംദിവസം
**19-01-2024 വെള്ളി** | **1199 മകരം 5**

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ, നിർമ്മാല്യദർശനം** |
| തുടർന്ന് | : | **എതൃത്തപൂജ, പന്തീരടിപൂജ** |
| 7.45ന് | : | **നവകാഭിഷേകം** |
| തുടർന്ന് | : | **ഉച്ചപൂജ, ശ്രീഭൂതബലി** |
| 9.30ന് | : | **ശീവേലി** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം** |
| 7.30 ന് | : | **മെഗാ ഹിറ്റ് ബാലെ**<br>**ശ്രീ വിശ്വമാതംഗി** |
| അവതരണം | : | ഭരതക്ഷേത്ര, തിരുവനന്തപുരം |
| രാത്രി 10.00ന് | : | **വിളക്കിനെഴുന്നള്ളിപ്പ്** |




## ഏഴാംദിവസം
**20-01-2024 ശനി** | **1199 മകരം 6**

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ, നിർമ്മാല്യദർശനം** |
| തുടർന്ന് | : | **എതൃത്തപൂജ, പന്തീരടിപൂജ** |
| 7.45ന് | : | **നവകാഭിഷേകം** |
| തുടർന്ന് | : | **ഉച്ചപൂജ, ശ്രീഭൂതബലി** |
| 8.30ന് | : | **ഗജപൂജ** |
| 9.30ന് | : | **ശീവേലി** |
| വൈകീട്ട് 6.30ന് | : | **ദീപാരാധന, പഞ്ചവാദ്യം, നാദസ്വരം** |
| 7.30 ന് | : | **മേജർ സെറ്റ് കഥകളി**<br>**കഥ : കർണ ശപഥം** |

| | | |
|---|---|---|
| അരങ്ങത്ത് | : | ഡോ . കണ്ണൻ, പരമേശ്വരൻ, മാർഗി വിജയകുമാർ, ഡോ. ഇ . എൻ . നാരായണൻ, കലാമണ്ഡലം ആദിത്യൻ, RLV പ്രമോദ് |
| പാട്ട് | : | നെടുമ്പിള്ളി രാംമോഹൻ , ശ്രീരാഗ് പാർ ബെ |
| ചെണ്ട | : | കലാമണ്ഡലം കൃഷ്ണദാസ് , മദ്ദളം: കലാനിലയം മനോജ് |
| ചുട്ടി | : | ഏരൂർ മനോജ്, കലാമണ്ഡലം ഋഷി |
| അണിയറ | : | ഏരൂർ ശശി |
| കളിയോഗം | : | **ശ്രീ ഭവാനീശ്വരി കളിയോഗം ഏരൂർ** |

രാത്രി 10.00ന് :
**വിളക്കിനെഴുന്നള്ളിപ്പ്**



**തിരുനായത്തോട് തിരുവുത്സവം 2024**

**എട്ടാംദിവസം**
21-01-2024 ഞായർ

**1199 മകരം 7**

# വലിയവിളക്ക്



രാവിലെ 4.30ന് : **പള്ളിയുണർത്തൽ, നിർമ്മാല്യദർശനം**

തുടർന്ന് : **നവകപൂജ, മുളപൂജ**
**എതൃത്തപൂജ, പന്തീരടിപൂജ**

7.45ന് : **നവകാഭിഷേകം**

തുടർച്ചയായ മുപ്പതാം വർഷവും തിരുനായത്തോട്ടപ്പന്റെ തിരുവുത്സവത്തിന് ദേശനാഥന്മാരെ ശിരസ്സാവഹിക്കുവാൻ വരുന്ന സിന്ദൂരകേസരി

## തോട്ടുചാലിൽ ബോലോനാഥിനെ ആദരിക്കുന്നു

രാവിലെ 9 മുതൽ 5 ഗജവീരന്മാർഅണിനിരക്കുന്ന **ശീവേലി**, **നാദസ്വരം**

തുടർന്ന് : സർവ്വശ്രീ തൃശൂർ പൂരം പാറമേക്കാവ് മേള പ്രമാണി ശ്രീ കിഴക്കുട്ട് അനിയൻ മാരാർ നയിക്കുന്ന അറുപതിൽപരം കലാകാരന്മാർ അവതരിപ്പിക്കുന്ന

## മേജർസെറ്റ് പഞ്ചാരിമേളം

**ഉരുട്ടു ചെണ്ട** - തൃശൂർ പൂരം പാറമേക്കാവ് മേള പ്രമാണി ശ്രീ കിഴക്കുട്ട് അനിയൻ മാരാർ ,
തിരുവമ്പാടി മേളപ്രമാണി ചേരാനല്ലൂർ ശങ്കരൻകുട്ടി മാരാർ , ഗുരുശ്രേഷ്ഠ വീരശൃംഖല ജേതാവ് കൊരട്ടി രാമൻ മുതൽ പേർ

**വലംതല** - ശ്രീ കൊരട്ടി രതീഷ് ,കൊരട്ടി ശ്രീരാജ് മുതൽ പേർ

**ഇലത്താളം** - ശ്രീ ചോറ്റാനിക്കര സുനിൽ,ആഴകം അജയൻ സ്വാമി മുതൽ പേർ

**കൊമ്പ്** - ശ്രീ ഒടക്കാലി മുരളി, നായത്തോട് ശശി മുതൽ പേർ

**കുറുംകുഴൽ** - ശ്രീ തിരുനായത്തോട് ധനീഷ് , തിരുനായത്തോട് രതീഷ് മുതൽ പേർ

12.00ന് : **പ്രസാദഊട്ട്** (സമർപ്പണം: കീർത്തി പാചക കാര്യാലയം, നായത്തോട്)

വൈകീട്ട് 6.30ന് : **ദീപാരാധന, ദീപക്കാഴ്ച, നെയ്വിളക്ക് പ്രധാനം**

തുടർന്ന് : **ചികിത്സാസഹായ വിതരണം**

തുടർന്ന് : 2022–23 അധ്യായന വർഷത്തിൽ മഹാകവി ജി. മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്നും SSLC ക്ക് ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥിക്ക് **ക്യാഷ് അവാർഡും മൊമെന്റോയും** നൽകി ആദരിക്കുന്നു.

രാത്രി 9ന് : **വലിയ വിളക്കിനെഴുന്നള്ളിപ്പ്**

തുടർന്ന് സർവ്വശ്രീ ചോറ്റാനിക്കര സുഭാഷ് നയിക്കുന്ന അൻപതിൽപരം കലാകാരന്മാർ അവതരിപ്പിക്കുന്ന

## മേജർസെറ്റ് പഞ്ചവാദ്യം

**തിമില** - ശ്രീ ചോറ്റാനിക്കര സുഭാഷ്, പരക്കാട്ട് മഹേശ്വരൻ, പരക്കാട്ട് മഹേന്ദ്രൻ മുതൽ പേർ

**മദ്ദളം** - ശ്രീ ഏലൂർ അരുൺ ദേവ് വാരിയർ, ഏലൂർ ബിജു മുതൽ പേർ

**ഇലത്താളം** - ശ്രീ ചോറ്റാനിക്കര സുനിൽ,കിടങ്ങൂർ അപ്പു മുതൽ പേർ

**കൊമ്പ്** - ശ്രീ ഓടക്കാലി മുരളി, നായത്തോട് ശശി മുതൽ പേർ


**ഇടയ്ക്ക** - കാവിൽ അജയൻ മുതൽ പേർ , **ശംഖ്** - നായത്തോട് അജയകുമാർ



തിരുനായത്തോട്
# തിരുവുത്സവം
2024

## വലിയവിളക്കിനെഴുന്നള്ളിക്കുന്ന ഗജരാജന്മാർ

**സിന്ദൂര കേസരി തോട്ടുചാലിൽ ബോലോനാഥ് ഭഗവാന്റെ  തിടമ്പേറ്റി അഞ്ച് ഗജവീരന്മർ അണിനിരക്കുന്നു)**



മനുസ്വാമിമഠം **വിനായകൻ** | തോട്ടയ്ക്കാട്ട് **കണ്ണൻ** | തോട്ടുചാലിൽ **ബോലോനാഥ്** | ബാസ്റ്റിൻ **വിനയസുന്ദർ** | മനുസ്വാമിമഠം **മനുനാരായണൻ**

**ഒമ്പതാംദിവസം**
22-01-2024 തിങ്കൾ
1199 മകരം 8

രാവിലെ 4.30ന് : **പള്ളിയുണർത്തൽ , നിർമ്മാല്യദർശനം**
തുടർന്ന് : **എതൃത്തപൂജ, പന്തീരടിപൂജ**
7.45ന് : **നവകാഭിഷേകം**
തുടർന്ന് : **ഉച്ചപൂജ, ശ്രീഭൂതബലി**
വൈകീട്ട് 6.30ന് : **ദീപാരാധന**
രാത്രി 8ന് : **പള്ളിനായാട്ട്, പള്ളിക്കുറുപ്പ്**



തിരുനായത്തോട് തിരുവുത്സവം 2024

## പത്താംദിവസം
23-01-2024 ചൊവ്വ | 1199 മകരം 9

| | | |
|---|---|---|
| രാവിലെ 4.30ന് | : | **പള്ളിയുണർത്തൽ** |
| തുടർന്ന് | : | **എതൃത്തപൂജ, പരികലശപൂജ ബ്രഹ്മകലശ പൂജ** |
| 8.30ന് | : | **ആറാട്ടിനെഴുന്നള്ളിപ്പ്** |
| തുടർന്ന് | : | **കൊടിക്കൽപ്പറ പ്രധാനം, കാണിക്ക സമർപ്പണം** |
| ഉച്ചയ്ക്ക് 12.30ന് | : | **ആറാട്ടുസദ്യ** |
| | | **കൊടിയിറക്കൽ** (ദർശന പ്രധാനം) |

| | |
|---|---|
| **ജനുവരി** | **തിരുവുത്സവം** |
| **ഫെബ്രുവരി** | **കലശവാർഷികം, വാരമാസം, കുംഭമാസ രോഹിണി പിറന്നാൾ** |
| **മാർച്ച്** | **സപ്തദേവി ശിവനാരായണ ദർശനം** |
| **ഏപ്രിൽ** | **മഹാഗണപതിഹോമം,പുരുഷസൂക്തം മഹാമൃത്യുഞ്ജയഹോമം** |
| **മെയ്** | **തീർത്ഥയാത്ര** |
| **ജൂലൈ** | **രാമായണമാസാചരണം, ഗണപതി ഹോമം, അഷ്ടദ്രവ്യ ഗണപതിഹോമം, ഭഗവത്സേവ** |
| **സെപ്തംബർ** | **തിരുമുൽകാഴ്ച നിറപുത്തരി** |
| **ഒക്ടോബർ** | **ദുർഗ്ഗാഷ്ടമി വർഷത്തിൽ ഒരിയ്ക്കൽ മാത്രം സരസ്വതി നടതുറപ്പ്** |
| **നവംബർ** | **ശബരിമല ദർശനം പാട്ടുംവിളക്കും** |
| **ഡിസംബർ** | **മണ്ഡലമഹോത്സവം** |

## ശ്രദ്ധിച്ചാലും

- ക്ഷേത്രാചാര മര്യാദകൾ എല്ലാവരും കർശനമായി  പാലിക്കേണ്ടതാണ്.
- പരിപാടികളിൽ യുക്തമായ മാറ്റങ്ങൾ വരുത്തുന്നതിന് ക്ഷേത്രസമിതിയ്ക്ക്  പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
- സംഭാവനകൾ ചെക്കായോ, ഡ്രാഫ്റ്റായോ തിരുനായത്തോട് ക്ഷേത്രസമിതിയുടെ പേരിൽ അങ്കമാലിയിൽ മാറത്തക്കവിധം അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.



**തിരുവുത്സവത്തോടനുബന്ധിച്ച് വലിയ വിളക്കിന് ഭഗവാന്റെ സ്വർണ്ണതൃക്കണ്ണ് ചാർത്തൽ ഉണ്ടായിരിക്കുന്നതാണ്.**

തിരുവുത്സവ ആശംസകൾ

# അങ്കമാലി സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 714

H.O. അങ്കമാലി.

Ph : 0484 2452172, Mob : 9744283090. e-mail : angamalyscbltdno714@gmail.com
Branch : Nayathode. Ph : 0484 2610063




നിർദിഷ്ട
നായത്തോട് ബ്രാഞ്ച് കെട്ടിടം

ഉടൻ
ആരംഭിക്കുന്ന
ക്രിസ്തുമസ് – ന്യൂഇയർ
**ലഘുസമ്പാദ്യ
പദ്ധതി**

| തവണസംഖ്യ | കാലാവധി | സല (രൂപ) |
|---|---|---|
| 20,000 | 50 മാസം | 10 ലക്ഷം |
| 10,000 | 50 മാസം | 5 ലക്ഷം |

**എന്നും സഹകാരികളോടൊപ്പം
വിശ്വസ്തതയോടെ...**

- തവണസംഖ്യ ഡോർ കളക്ഷൻ മുഖേന അടയ്ക്കാൻ സൗകര്യം.
- മാസത്തവണകൾ ബാങ്ക് അക്കൗണ്ടിൽ ഓൺ ലൈൻ ട്രാൻസ്ഫർ ചെയ്യാൻ സൗകര്യം.
- ലളിതമായ ജാമ്യ വ്യവസ്ഥകൾ, വസ്തു ജാമ്യം, സ്ഥിര നിക്ഷേപങ്ങൾ, സ്വർണ്ണാഭരണം – ജാമ്യമായി സ്വീകരിക്കുന്നു.

**ടി. ജി. ബേബി**
പ്രസിഡന്റ്

**സീന തോമസ്**
സെക്രട്ടറി ഇൻ ചാർജ്ജ്

# നീതി
**മെഡിക്കൽ സ്റ്റോർ**
എം.ഡി.വി. കോംപ്ലക്സ്
എൽ.എഫ്. ആശുപത്രിക്ക് എതിർവശം
അങ്കമാലി
ഫോൺ : 0484 2458072




# നീതി
**മെഡിക്കൽ സ്റ്റോർ**
ബാങ്ക് ഹെഡ് ഓഫീസ് ബിൽഡിംഗ്
അങ്കമാലി
ഫോൺ : 8714226397

മരുന്നുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്നു.